*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

174th Issue - Volume 5, No. 8 ജാഗ്രത 4th March 2011

"നിങ്ങൾ ഉപവസിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ വിഷാദം ഭാവിക്കരുത്. തങ്ങൾ ഉപവസിക്കുന്നുവെന്ന് അന്യരെ കാണിക്കാൻ വേണ്ടി അവർ മുഖം വികൃതമാക്കുന്നു. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അവർക്കു പ്രതിഫലം ലഭിച്ചു കഴിഞ്ഞു. എന്നാൽ നീ ഉപവസിക്കുന്നതു അദൃശ്യനായ പിതാവല്ലാതെ മറ്റാരും കാണാതിരിക്കുന്നതിന്, ശിരസ്സിൽ തൈലം പുരട്ടുകയും മുഖം കഴുകയും ചെയ്യുക. രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്കു പ്രതിഫലം നല്കും. "

(മത്തായി 6:16-18)



**Saint Casimir**

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil

## പ്രധാന വാർത്തകൾ

ലത്തീൻകത്തോലിക്കർ സംഘടിക്കുന്നത് ആരുടെയും അവകാശം കവരാനല്ല: ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ

---

ജീവിതംകൊണ്ടു വചനം പ്രഘോഷിക്കണം: മാർ മാത്യു മൂലക്കാട്ട്

---

ആസിയ ബിബിയോട് അനുഭാവം പുലർത്തിയ മന്ത്രി കൊല്ലപ്പെട്ടു.

---

ദൈവദൂഷണ നിയമം മനുഷ്യാവകാശങ്ങളെ ലംഘിക്കുന്നതാകരുത്: പാക്കിസ്ഥാനിലെ വത്തിക്കാൻ സ്ഥാനപതി.

---


**വാരാന്ത്യവീക്ഷണം**

പത്ര പരസ്യങ്ങളിലൂടെ ചോരുന്ന പാവപ്പെട്ടവന്റെ നികുതിപണം

## ലത്തീൻകത്തോലിക്കർ സംഘടിക്കുന്നത് ആരുടെയും അവകാശം കവരാനല്ല:

**ഡോ.ഫ്രാൻസിസ് കല്ലറയ്ക്കൽ**


---



ലത്തീൻ കത്തോലിക്കർ സംഘടിക്കുന്നത് ഒരു സമുദായം എന്ന നിലയിൽ അവരുടെ നിലനിൽപ്പിനെക്കരുതി മാത്രമാണെന്നും, മറ്റാരുടെയെങ്കിലും അവകാശങ്ങൾ കവരാൻ വേണ്ടിയല്ലെന്നും വരാപ്പുഴ ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ വ്യക്തമാക്കി. എറണാകുളം മറൈൻഡ്രൈവിൽ കേരള റീജിയൻ ലാറ്റിൻ കാത്തലിക് കൗൺസിൽ സംഘടിപ്പിച്ച സമുദായസംഗമത്തിൽ അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസ ആതുര ശുശ്രൂഷാ രംഗങ്ങളിലും സാമൂഹ്യ നവോത്ഥാന പരിശ്രമങ്ങളിലും അച്ചടി, മാധ്യമപ്രവർത്തനം തുടങ്ങി നിരവധി സാംസ്കാരിക മേഖലകളിലും മഹത്തായ സേവനം അർപ്പിച്ച സമുദായമാണു ലത്തീൻ കത്തോലിക്കർ. തുമ്പയിലെ വിക്രം സാരാഭായ് സ്പേസ് സെന്ററും കൊച്ചിയിലെ കപ്പൽനിർമാണശാലയുമൊക്കെ പൊതുനന്മയ്ക്കുള്ള ത്യാഗത്തിന്റെ സജീവസാക്ഷ്യങ്ങളാണ്. പൊതുനന്മയ്ക്കു പ്രാമുഖ്യം നല്കിയതു സാമൂ ഹ്യമായും സാമുദായികമായും ലത്തീൻ സമുദാ യത്തിനു വിനയായി എന്നു ചിന്തിക്കുന്നവരുണ്ട്. വികസനപ്രക്രിയയുടെ ഇരകൾ പലപ്പോഴും ലത്തീൻ കത്തോലിക്കരാണ്. തീരദേശ വികസനത്തിന്റെ ഇരകളും സമുദായാംഗങ്ങൾ തന്നെ. സാമൂഹ്യമായും രാഷ്ട്രീയമായും സാമ്പത്തികമായും അവർ പാർശ്വവത്കരിക്കപ്പെടുന്നു.

ജനപ്രതിനിധികളുടെ കാര്യത്തിൽ സമുദായത്തിന് ആനുപാതികമായ പ്രാതിനിധ്യം ആവശ്യപ്പെടുമ്പോഴും ജാതിമതഭേദമന്യേ പൊതുജനനന്മയ്ക്കായി പ്രവർത്തിക്കുന്ന സ്വഭാവശുദ്ധിയും മൂല്യബോധവുമുള്ള സ്ഥാനാർഥികൾക്കാണു ലത്തീൻ കത്തോലിക്കർ മുൻഗണന നല്കേണ്ടതെന്നു കെആർഎൽസിസി പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ. സൂസപാക്യം ചൂണ്ടിക്കാട്ടി. പ്രശ്നാധിഷ്ഠിതവും മൂല്യാധിഷ്ഠിതവുമായ സമദൂര സമീപനമാണു കൗൺസിലിന്റെ രാഷ്ട്രീയനയം. ദൈവവിശ്വാസത്തിനും ക്രിസ്തീയ മൂല്യങ്ങളുടെ സംരക്ഷണത്തിനും പരമപ്രാധാന്യം നല്കുന്നതാണിത്. സമുദായ താത്പര്യങ്ങൾ ഉൾക്കൊള്ളാനും അതിന്റെ വികസനത്തെ സഹായിക്കാനും സന്നദ്ധതയുള്ള രാഷ്ട്രീയ പാർട്ടികളോടെല്ലാം സമദൂര സമീപനം സ്വീകരിക്കും. ലത്തീൻ സമുദായം ശക്തിപ്രാപിച്ചാൽ തങ്ങളുടെ വോട്ടുബാങ്കും സ്വാധീനവും നഷ്ടപ്പെടുമെന്നു ഭയക്കുന്നവരുണ്ട്. നന്മ ആഗ്രഹിക്കുന്ന ആർക്കുംതന്നെ ഇതൊരു ഭീഷണിയല്ല. പിന്നോക്കംനിൽക്കുന്നവർ മുഖ്യധാരയിലേക്കു വരാതെ ക്ഷേമരാഷ്ട്രസ്വപ്നം സഫലമാവില്ല. മുന്നോക്ക സമുദായങ്ങളിലും അവശതയനുഭവിക്കുന്നവരുണ്ട്. അവർക്കും ക്ഷേമപദ്ധതികൾ വേണം. സംവരണം എന്ന സാമൂഹ്യപരിരക്ഷയെ സാമാന്യവത്കരിച്ചു കേവലം ദാരിദ്ര്യനിർമാർജന പരിപാടിയും തൊഴിൽദാന പദ്ധതിയുമായി അവതരിപ്പിച്ച് ആശയക്കുഴപ്പമുണ്ടാക്കുന്നതു ശരിയല്ല. സംവരണംകൊണ്ടുദ്ദേശിക്കുന്ന സാമുദായിക സമുദ്ധാരണം സാധ്യമാക്കാൻ ഒരു നിശ്ചിതകാലത്തേക്ക് ആത്മാർഥമായി സഹകരിച്ചു തങ്ങളുടെ കൈപിടിച്ച് ഉയർത്തണമെന്നു മുന്നോക്ക സമുദായങ്ങളോട് അഭ്യർഥിക്കുന്നു.സംവരണ ക്വോട്ടയിൽ ലത്തീൻ കത്തോലിക്കർക്കുണ്ടായ നഷ്ടം സ്പെഷൽ റിക്രൂട്ട്മെന്റിലൂടെ നികത്തണം. ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള തടസങ്ങൾ നീക്കണം.കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്കു കെആർഎൽസിസി സമർപ്പിച്ച 27 ഇന അവകാശ പത്രികയിൽ ലത്തീൻ കത്തോലിക്കർക്കു മാത്രമായുള്ള ആവശ്യങ്ങൾ കേവലം നാലെണ്ണമാണ്. ബാക്കി 23 ഇനവും സമൂഹത്തിലെ ഇതര മത-സമുദായ വിഭാഗങ്ങളുടെ കൂടി ഉന്നമനം ലക്ഷ്യംവയ്ക്കുന്നതാണ്. അവകാശപത്രികയിലെ 10 ഇനങ്ങൾ കേന്ദ്രസർക്കാരിന്റെ പരിധിയിൽ വരുന്നതായതിനാൽ കേന്ദ്രത്തിനു നിവേദനം സമർപ്പിച്ചു. പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗും സോണിയാഗാന്ധിയും അനുഭാവപൂർവമായാണ് ഇതിനോടു പ്രതികരിച്ചത്. മദ്യത്തോടുള്ള അമിതമായ ആസക്തി സംസ്ഥാനത്തു ലത്തീൻ കത്തോലിക്കരുടെ വികസനത്തെ തടസപ്പെടുത്തുന്ന പ്രധാന സാമൂഹികതിന്മയാണ്. മൂല്യബോധവും അർപ്പണമനോഭാവവുമുള്ള സുസമ്മതരായ അല്മായരുടെ നേതൃനിരയും ശാക്തീകരണവും സമുദായത്തിന്റെ വികസനത്തിന് ആവശ്യമാണ്-ഡോ. സൂസപാക്യം ഓർമിപ്പിച്ചു.

## ജീവിതംകൊണ്ടു വചനം പ്രഘോഷിക്കണം: മാർ മാത്യു മൂലക്കാട്ട്



മനുഷ്യജീവിതത്തിലെ തിന്മയുടെ അഴുക്കുചാലിൽ നിന്നു നന്മയുടെ തീരത്തേക്കുള്ള വഴികാട്ടിയാണു വചനമെന്നും ജീവിതം കൊണ്ടാണു വചനം പ്രഘോഷിക്കപ്പെടേണ്ടതെന്നും ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട്. നെഹ്റു സ്റ്റേഡിയത്തിൽ നടന്നുവന്ന അഭിഷേകാഗ്നി ബൈബിൾ കൺവൻഷന്റെ സമാപന ദിനത്തിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. വചനം ശ്രവിക്കുമ്പോഴും അതുകേട്ടു പ്രാർഥിക്കുമ്പോഴും ഹൃദയത്തിൽ ചലനമുണ്ടാകും. വചനത്തിന്റെ ദീപ്തി നമ്മുടെ വഴികളിൽ ഇരുട്ടകറ്റും. വചനത്തിന്റെ അഗ്നിയിൽ ഹൃദയങ്ങൾ ശുദ്ധീകരിക്കും, ഹൃദയങ്ങൾ ദൈവാത്മാവിന്റെ അഭിഷേകം കൊണ്ടു നിറയുമ്പോൾ തിന്മകൾ തകരും. ദൈവവചനം ആശയും ആവേശവും ശക്തിയും നൽകുന്നതാണ്. വചനത്തിനു ജീവിതത്തിലൂടെ മാംസം നൽകണം. ഹൃദയത്തിന്റെ ഉള്ളറകളിലേക്കു വചനമാകുന്ന വിത്ത് കടത്തിവിട്ട് നല്ല വളക്കൂറ് നൽകിയാൽ അതു പടർന്നു പന്തലിക്കും. സ്നേഹത്തിന്റെ വഴിയിലൂടെ നടക്കാനുള്ള ആഹ്വാനമാണു ദൈവം നൽകുന്ന ഏറ്റവും വലിയ വരദാനമെന്നും ആർച്ച്ബിഷപ് കൂട്ടിച്ചേർത്തു. കുട്ടികൾക്കു വേണ്ടിയും രോഗികൾക്കു വേണ്ടിയും പ്രത്യേക പ്രാർഥനകളും ആശീർവാദവും ഉണ്ടായിരുന്നു. അഭിഷേകാഗ്നി ശുശ്രൂഷയിലൂടെ രോഗശാന്തി ലഭിച്ച നിരവധി പേർ തങ്ങളുടെ സാക്ഷ്യം കൺവൻഷനിൽ പ്രഖ്യാപിച്ചു. സമാപനദിവസം നെഹ്റു സ്റ്റേഡിയത്തിലേക്ക് ആയിരങ്ങളാണ് ഒഴുകിയെത്തിയത്. അഞ്ചുദിവസമായി നടന്നു വന്ന കൺവൻഷനിൽ നിന്നു പരിശുദ്ധാത്മാവിന്റെ അഭിഷേകാഗ്നി സ്വീകരിച്ച നിറവിലാണു വിശ്വാസ സമൂഹം മടങ്ങിയത്.

## ആസിയ ബിബിയോട് അനുഭാവം പുലർത്തിയ മന്ത്രി കൊല്ലപ്പെട്ടു.

പാക്കിസ്ഥാനിലെ ന്യൂനപക്ഷ മന്ത്രി ശ്രീ. ഷബാദ് ഭാട്ടി ഇസ്ലാമ ബാദിൽ തീവ്രവാദികളുടെ വെടിയേറ്റു മരിച്ചു. തീവ്രവാദിസംഘടനയായ ടെഹരിക്ക് ഇ. താലിബാൻ കൊലപാതകത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു കൊണ്ട് രംഗത്തുവന്നിട്ടുണ്ട്.

മാർച്ച് 2-ാം തിയതി ബുധനാഴ്ച കാലത്താണ് അദ്ദേഹത്തെ കാറിൽ നിന്നും വലിച്ചിറക്കി മുഖംമൂടി ധാരികളായ മൂന്നു തീവ്രവാദികൾ വെടിവെച്ചുകൊന്നത്. ദൈവദൂഷണകുറ്റത്തിന് വധശിതക്ഷയ്ക്കു വിധിക്കപ്പെട്ട്പാക്കിസ്ഥാൻ ജയിലിൽ കഴിയുന്ന ക്രൈസ്ഥവകുടുംബിനി ആസിയബിബിയോട് അനുഭാവം പ്രകടിപ്പിച്ചുകൊട്ട് ഭാട്ടി നിലപാടെടുത്തിരുന്നു. ഇങ്ങനെ നിലപാടെടുത്ത പഞ്ചാബ് ഗവർണർ സൽമാൻ തസീർ നേരത്തെ കൊല്ലപ്പെട്ടുരുന്നു വെന്നതും ഓർക്കേണ്ടതാണ്. അതേതുടർന്ന് ഭാട്ടിയായിക്കും ഭീകരരുടെ വധഭീക്ഷണി ഉണ്ടായിരുന്നു. പാക്കിസ്ഥാൻ പ്രോഗ്രസ്സിവ് പാർട്ടി അംഗമായ ഭാട്ടി കത്തോലിക്കാ സഭാംഗമാണ് അദ്ദേഹത്തിന്റെ ശരീരത്തിൽ നിന്നും മൂന്നു വെടിയുണ്ടകൾ കണ്ടെടുത്തു.

## ദൈവദൂഷണ നിയമം മനുഷ്യാവകാശങ്ങളെ ലംഘിക്കുന്നതാകരുത്: പാക്കിസ്ഥാനിലെ വത്തിക്കാൻ സ്ഥാനപതി.

ഏതു നിയമവും ദൈവദൂഷണനിയമം ഉൾപ്പെടെ ഒന്നും മനുഷ്യാവകാശങ്ങളെ ലംഘിക്കുന്നതാകരുതെന്നു പാക്കിസ്ഥാനിലെ വത്തിക്കാൻ സ്ഥാനപതി (ന്യൂൺഷോ) ആർച്ചുബിഷപ് എസ്ഗർ പെനാപാര വ്യക്തമാക്കി. ദൈവദൂഷണനിയമം മനുഷ്യാവകാശങ്ങളെ ലംഘിക്കാനുള്ള ഉപകരണമാക്കുന്നത് അംഗികരിക്കാനാവില്ലെന്ന ബനഡിക്റ്റ് 16-ാമൻ മാർപ്പാപ്പയുടെ നിലപാടു വ്യക്തമാക്കുകയായിരുന്നു വത്തിക്കാൻ സ്ഥാനപതി.

മതം സമാധാന സംസ്ഥാപനത്തിന്റെ ഉപകരണമാകണമെന്ന് ബനഡിക്റ്റ് 16-ാമൻമാർപ്പാപ്പ ആവർത്തിച്ച് അറിയിക്കുന്നുണ്ട്. നമ്മൾക്ക് (വിവിധ മതവിശ്വാസികൾക്ക്) പരസ്പരം പങ്കുവച്ചും സംവാദങ്ങളിലേർപ്പെ ട്ടും പാശ്ചാത്യരാജ്യങ്ങളിലെന്നപ്പോലെ ഇവിടെയും കഴിയാനാകും നൂൺഷ്യോ വ്യക്തമാക്കി. ആസിയാ ബിബിയെന്ന ക്രൈസ്തവ കുടുംബിനി ദൈവദൂഷണക്കുറ്റം ആരോപിച്ച് മരണശിക്ഷയ്ക്കു വിധിക്കപ്പെട്ട് ജെയിലിൽ കഴിയുന്നസാഹചര്യത്തിലാണ് ഈ പ്രതികരണം.

പാക്കിസ്ഥാനിലെ 17 കോടി ജനങ്ങളിൽ 25 ലക്ഷം പേർ മാത്രമാണ് കത്തോലിക്കാരായുള്ളത്

## പത്ര പരസ്യങ്ങളിലൂടെ ചോരുന്ന പാവപ്പെട്ടവന്റെ നികുതിപണം

കേരളത്തിൽ നിയമസഭാ തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചു കഴിഞ്ഞു. ഏപ്രിൽ 13 ന് തിരഞ്ഞെടുപ്പു ബൂത്തുകളിലേക്കു കേരളത്തിലെ വേട്ടർമാർ എത്തും. ഏതാണ്ട് രണ്ടേകാൽ കോടി വോട്ടർമാരാണ് കേരളത്തിലുള്ളത്. സ്വതന്ത്രവും നീതിപൂർവ്വകവുമായി തെരഞ്ഞെടുപ്പു നടത്താൻ ഭരണകർത്താക്കളും ഒപ്പം പൗരന്മാരും ശ്രദ്ധിക്കേണ്ടതാണ്.

തെരഞ്ഞെടുപ്പു പ്രഖ്യാപനത്തിനുമുമ്പ് ഉത്ഘാടനങ്ങളുടെയും ഭരണമുന്നണിയുടെ നേട്ടങ്ങൾ പ്രകീർത്തിക്കുന്ന പരസ്യങ്ങളുടെയും പ്രവാഹമായിരുന്നു. പത്രങ്ങളിൽ എല്ലാ എഡിഷനുകളിലും മുഴുപ്പേജ് പരസ്യങ്ങൾ നല്കാൻ ലക്ഷങ്ങൾ ആകുമെന്നിരിക്കുമ്പോൾ എല്ലാ പത്രങ്ങളിലുമായി പരസ്യങ്ങൾ നല്കാൻ സർക്കാർ എത്രമാത്രം പണം മുടക്കിയെന്ന് ഊഹിക്കാവുന്നതേയുള്ളു. വിവരാവകാശ നിയമമനുസരിച്ച് പരസ്യങ്ങൾക്കു വേണ്ടി കേരളസർക്കാർ എത്ര മാത്രം പണം മുടക്കിയെന്നറിയാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

സർക്കാർ നന്മകൾ ചെയ്തിട്ടുണ്ടെങ്കിൽ അത് സാമാന്യ ജനങ്ങൾക്ക് അനുഭവവേദ്യമായി തീരും. ഇങ്ങനെ ഭരണത്തിന്റെ നന്മകൾ ജനങ്ങൾ തന്നെ തിരിച്ചറിയും. നന്മതിന്മകൾ തിരിച്ചറിയാൻ അതിനോട് ജനാധിപത്യപരമായി പ്രതികരിക്കാൻ നമ്മുടെ ജനങ്ങൾ പ്രാപ്തരാണല്ലോ. തങ്ങൾ ചെയ്യുന്ന നന്മകൾ ജനങ്ങൾക്ക് അനുഭവവേദ്യമല്ലെങ്കിൽ അതറിയിക്കാൻ സർക്കാരിന് പൊതുപണം മുടക്കാതെ മറ്റുമാർഗ്ഗങ്ങൾ, സർക്കാരിന്റെ തന്നെ മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ് എന്നു പറയേണ്ടതില്ലല്ലോ.

പാവപ്പെട്ടവന്റെ നികുതിപണം ഉപയോഗിച്ചു തങ്ങളുടെ മുന്നണിയുടെയും സർക്കാരിന്റെയും പരസ്യം കൊടുക്കുന്നത് ഏതുകാര്യത്തിനുവേണ്ടിയാണെങ്കിലും ആശാസ്യകരമായി കരുതുകവയ്യ. കോടിക്കണക്കിനു രൂപ ഇങ്ങനെ പരസ്യങ്ങൾക്കുവേണ്ടി ഇക്കഴിഞ്ഞമാസം ചെലവഴിച്ചുവെന്നാണ് അറിയുവാൻ കഴിഞ്ഞത്. ഇത് പാവപ്പെട്ടവർക്കുവേണ്ടി ചെലവഴിക്കേണ്ട പണത്തിന്റെ ദുരുപയോഗവും ധൂർത്തുമാണ്.

പണം വാങ്ങി വാർത്ത കൊടുക്കുന്ന മാധ്യമങ്ങൾക്കെതിരെ മാർക്സിസ്റ്റു പാർട്ടി പ്രചരണവും ശക്തമായ നീക്കങ്ങളും നടത്തുമ്പോൾ തന്നെയാണ് സമാനമായ പ്രവർത്തികൾ പാർട്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ ചെയ്യുന്നത്. പത്രങ്ങളെ സ്വാധീനിക്കാൻ പരസ്യങ്ങൾ നല്കുന്നതിലുള്ള സർക്കാരിന്റെ താല്പര്യം പരസ്യമായ രഹസ്യമാണ്.

തെരഞ്ഞെടുപ്പ് അടുക്കുമ്പോഴും അസംബ്ലി സമ്മേളനങ്ങൾ എല്ലാം പൂർത്തിയായതിനുശേഷവുമാണ് സർക്കാർ ചെലവിൽ പാവപ്പെട്ടവന്റെ പണമെടുത്ത് ഈ പ്രചരണ കോലാഹലങ്ങൾ. ആരോടും കണക്കു ബോധിപ്പിക്കേണ്ട എന്ന ചിന്തയാകാം ഇതു പോലെ ഒരു ധൂർത്തിനു കാരണം. ഏതായാലും ശക്തമായ പ്രതികരണം ഈ രീതിയിലുള്ള അനീതികൾക്കെതിരെ ഉണ്ടാവുക തന്നെ വേണം.

**"Jagratha News"** – An internet news service is free and for private circulation

**Web:** www.kcbcsocialharmony.org

**Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA